"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- കിലയിലെ സ്ഥിരം ജീവനക്കാർക്ക് 01.07.2019 പ്രാബല്യത്തിൽ അനുവദിച്ച ശമ്പളപരിഷ്ക്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ വിതരണം ചെയ്യുന്നതിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ(ഐബി) വകുപ്പ്**

സ.ഉ.(സാധാ) നം.752/2026/LSGD തീയതി,തിരുവനന്തപുരം, 15-03-2026

---

പരാമർശം:- 1. സ.ഉ(കൈ)നം.94/2025/ തസ്വഭവ തീയതി.07.06.2025

2. കില ഡയറക്ടർ ജനറലിന്റെ 21.09.2025, 17.01.2026 തീയതികളിലെ 2025/5669/എച്ച് ക്യൂ നമ്പർ കത്തുകൾ

**ഉത്തരവ്**

കിലയിലെ സ്ഥിരം ജീവനക്കാർക്ക് പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ അനുവദിച്ച് പരാമർശം (1) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) കിലയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പളപരിഷ്കരണ ആനുകൂല്യങ്ങൾ 01.07.2019 പ്രാബല്യത്തിൽ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന കുടിശ്ശിക ജീവനക്കാർക്ക് അനുവദിക്കേണ്ടതുണ്ടെന്നും, കില self-financing Mode-ലാണ് പ്രവർത്തിക്കുന്നത് എന്നതിനാൽ കില ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നാണ് ശമ്പളവും കുടിശ്ശികയും നൽകുന്നതെന്നും അതോടൊപ്പം കുടിശ്ശിക അനുവദിക്കുന്നതിനുള്ള തുക കിലയിൽ ലഭ്യമാണെന്നും ശമ്പള പരിഷ്കരണ കുടിശ്ശിക കിലയുടെ തനത് ഫണ്ടിൽ നിന്നും അനുവദിക്കുന്നത് വഴി സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ലെന്നും ആയതിനാൽ കിലയിലെ ജീവനക്കാർക്ക് പതിനൊന്നാം ശമ്പളപരിഷ്കരണ കുടിശ്ശിക അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (2) കത്തുകൾ പ്രകാരം കില ഡയറക്ടർ ജനറൽ അഭ്യർത്ഥിച്ചിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും 11-ാം ശമ്പള പരിഷ്ക്കരണ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ അനുവദിച്ച് ഉത്തരവായ സാഹചര്യത്തിൽ കിലയിലെ ജീവനക്കാർക്കും 01.07.2019 പ്രാബല്യത്തിൽ അനുവദിച്ച പതിനൊന്നാം ശമ്പളപരിഷ്കരണത്തിന്റെ കുടിശ്ശികയുടെ ഒന്നും രണ്ടും ഗഡുക്കൾ വിതരണം ചെയ്യാൻ അനുമതി നൽകി

ഉത്തരവാകുന്നു.

4) ശമ്പളപരിഷ്ക്കരണ കുടിശ്ശിക അടിസ്ഥാന ശമ്പളം, ക്ഷാമബത്ത എന്നിവ മാത്രമായിരിക്കും നൽകേണ്ടത്. ആയത് അലവൻസുകൾക്ക് ബാധകമല്ല. കുടിശ്ശിക നിർണ്ണയുമായി ബന്ധപ്പെട്ട് എന്തെങ്കിലും സ്പഷ്ടീകരണം ആവശ്യമുണ്ടെങ്കിൽ സർക്കാരിനെ സമീപിക്കാവുന്നതാണ്. കുടിശ്ശിക നിർണ്ണയിക്കുന്നതിൽ എന്തെങ്കിലും തെറ്റു പറ്റുന്നതിലൂടെ അർഹതയുള്ളതിൽ കൂടുതൽ തുക വിതരണം ചെയ്യാൻ ഇടയായാൽ ആയത് തിരികെ നൽകുന്നതിന് സമ്മതമാണെന്ന സമ്മതപത്രം ബന്ധപ്പെട്ട ജീവനക്കാരിൽ നിന്നും വാങ്ങി കില ഡയറക്ടർ ജനറൽ സൂക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ ജനറൽ,കില,തൃശ്ശൂർ
പ്രിൻസിപ്പൽഡയറക്ടർ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
അക്കൌണ്ടന്റ് ജനറൽ(എ&ഇ),കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൌണ്ടന്റ് ജനറൽ(ഇ&ആർഎസ്എ ജി&എസ്എസ്എ)
,കേരള,തിരുവനന്തപുരം
ധനകാര്യ വകുപ്പ്(<u>2353309/WCD-3/41/2023-FIN</u> തീയതി.13.03.2026 പ്രകാരം)
ഐ&പിആർ(വെബ്&ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 15-03-2026 11:47:29